**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1325** **18-01-2021 - ൽ മറുപടിയ്ക്ക്**

**അങ്കമാലി മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം അങ്കമാലി മണ്ഡലത്തിൽ പൊതുവിദ്യാലയങ്ങളുടെ നവീകരണത്തിനായി പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ ഭരണാനുമതി നൽകിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അങ്കമാലി മണ്ഡലത്തിലെ കുറമശ്ശേരി ഗവ. യു.പി.സ്കൂളിലെ നവീകരണത്തിനായി പദ്ധതി വിഹിതത്തിൽ നിന്നും 21 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയേതര വിഹിതത്തിൽ നിന്നും സ്കൂളുകളുടെ നവീകരണത്തിന് തുക അനുവദിക്കാറില്ല. |
| (ബി) | ഭരണാനുമതി നൽകിയ പദ്ധതികളിൽ ഏതെല്ലാം പൂർത്തീകരിച്ചു എന്നും ഏതെങ്കിലും പ്രവൃത്തികൾ ആരംഭിക്കുവാനുണ്ടോ എന്നും വിശദമാക്കാമോ; | (ബി) | നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (സി) | അംഗീകാരം നൽകിയതിൽ പ്രവൃത്തികൾ ആരംഭിക്കാത്ത സ്കൂളുകൾ ഏതെല്ലാമെന്നും ആയതിന്റെ കാരണവും വ്യക്തമാക്കാമോ; | (സി) | പ്രവൃത്തി ആരംഭിക്കാത്ത സ്കൂൾ ഇല്ല. |
| (ഡി) | ഓരോ സ്കൂളിലേയും പ്രവൃത്തികളുടെ നിർമ്മാണ ചുമതല ആർക്കാണെന്നും നിലവിലെ സ്ഥിതിയും വിശദമാക്കാമോ? | (ഡി) | അടിയന്തരമായി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ